എങ്ങനെ ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുകയും വാക്സിൻ ബുക്ക് ചെയ്യുകയും ചെയ്യാം

12 ലളിതമായ ചുവടുകളിൽ

മലയാളം / MALAYALAM

താങ്കൾക്ക് എങ്ങനെയാണ് കോവിഡ്-19 വാക്സിൻ എടുക്കാനാവുന്നത്?



1.

താങ്കൾക്കൊരു എൻ.എച്ച്.എസ്. നമ്പർ ഉണ്ടായിരിക്കുകയും താങ്കളൊരു ജി.പി. യുടെ പക്കൽ റെജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിൽ താങ്കൾക്ക് ഇപ്പോൾത്തന്നെ താങ്കളുടെ വാക്സിനേഷൻ തീയതി ബുക്ക് ചെയ്യാനാവും.



2.

താങ്കൾക്ക് താങ്കളുടെ എൻ.എച്ച്.എസ്. നമ്പർ ഓർമ്മയില്ലേ?
താങ്കൾക്ക് അത് താങ്കളുടെ പ്രിസ്ക്രിപ്ഷനുകളിലും, എൻ.എച്ച്.എസ്.ൽ നിന്നുള്ള കത്തുകളിലും അല്ലെങ്കിൽ എൻ.എച്ച്. എസ്.ആപ്പിലും കാണാനാവും.



3.

താങ്കളുടെ പേര്, ജനനത്തീയതി, പോസ്റ്റ് കോഡ് എന്നിവ എൻ.എച്ച്.എസ്. വെബ്സൈറ്റിൽ എൻറർ ചെയ്തും താങ്കൾക്ക് അത് അന്വേഷിക്കാവുന്നതാണ്.

nhs.uk/nhs-services/online-services/find-nhs-number/

വാക്സിനേഷൻ എങ്ങനെ ബുക്ക് ചെയ്യാനാവും?



1.

എൻ.എച്ച്. എസ്. വെബ്സൈറ്റ് സന്ദർശിക്കുന്നതിലൂടെ 119 എന്നതിൽ ഹെല്പ് ലൈനിലേക്ക് വിളിക്കുന്നതിലൂടെ താങ്കളുടെ ജി.പി. പ്രാക്ടീസിനെ ബന്ധപ്പെടുന്നതിലൂടെ

nhs.uk/conditions/coronavirus-covid-19/coronavirus-vaccination/book-coronavirus-vaccination/



2.

വാക്സിൻറെ 2 ഡോസുകൾക്കു ശേഷം എടുത്തതിനു ശേഷം മാത്രമേ താങ്കൾക്ക് പരമാവധി സംരക്ഷണം ലഭിക്കുകയുള്ളൂ എന്ന കാര്യം ഓർക്കുക, അതിനാൽ രണ്ട് അപ്പോയിൻമെൻറുകളും ഒരേ സമയത്ത് ബുക്ക് ചെയ്യുക.



3.

താങ്കളുടെ കോവിഡ്-19 പരിശോധനാ ഫലം പോസിറ്റീവാണെങ്കിൽ എന്ത് സംഭവിക്കും? ?
ഈ സാഹചര്യത്തിൽ, ഒരു അപ്പോയിൻമെൻറ് ബുക്ക് ചെയ്യുന്നതിനു മുമ്പ് താങ്കൾ ടെസ്റ്റ് ചെയ്ത തീയതി മുതൽ 4 ആഴ്ച്ച സമയം ദയവായി കാത്തിരിക്കുക.

താങ്കൾക്ക് ഇതേവരെ ഒരു എൻ.എച്ച്.എസ്. നമ്പർ ഇല്ലേ?



1.

താങ്കൾക്ക് താങ്കളുടെ കുടുംബ ഡോക്ടറുടെ സഹായത്തോടെ ഒരു എൻ.എച്ച്.എസ്. നമ്പർ നേടാനാവും. കുടുംബ ഡോക്ടർ ജനറൽ പ്രാക്ടീഷണർ (ജി.പി.) എന്നും അറിയപ്പെടുന്നു. **എങ്ങനെയാണ് ഏറ്റവും സമീപത്തുള്ള ജി.പി.യെ കണ്ടെത്തുന്നത്?** എൻ.എച്ച്. എസ്. വെബ്സൈറ്റിലുള്ള സേർച്ച് ടൂളുകൾ ഉപയോഗിച്ച്.

nhs.uk/service-search/find-a-GP



2.

കണ്ടെത്തിക്കഴിഞ്ഞാൽ, ഒരു ജി.പി. സർജറിയുടെ പക്കൽ സൗജന്യമായി റജിസ്റ്റർ ചെയ്യുക ഒന്നുകിൽ താങ്കളുടെ പ്രാദേശിക ജി.പി. പ്രാക്ടീസിനെ വിളിച്ച് അല്ലെങ്കിൽ അവരുടെ വെബ്സൈറ്റ് സന്ദർശിച്ച്.

nhs.uk/nhs-services/gps/how-to-register-with-a-gp-surgery/



3.

റെജിസ്റ്റർ ചെയ്യുന്നതിന് താങ്കൾക്ക് മേൽവിലാസമോ കുടിയേറ്റ പദവി തെളിയിക്കുന്ന രേഖയോ, ഐ.ഡി.യോ അല്ലെങ്കിൽ ഒരു എൻ.എച്ച്.എസ്. നമ്പറോ ആവശ്യമില്ല. താങ്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊലീസിനോ, ഇമിഗ്രേഷൻ ഉദ്യോഗസ്ഥർക്കോ കൈമാറുന്നതല്ല.



4.

ഒരു ജി.പി.യുമൊത്ത് റെജിസ്റ്റർ ചെയ്യുന്നതിന് ഇനിയും താങ്കൾക്ക് സഹായം ആവശ്യമുണ്ടോ? റെജിസ്റ്റർ ചെയ്യുന്നതിനുള്ള താങ്കളുടെ അവകാശം പ്രകടമാക്കുന്നതിന് ഡോക്ടേഴ്സ് ഓഫ് ദി വേൾഡ് വെബ്സൈറ്റിൽ നിന്ന് ഈ ജി.പി. അക്സസ്സ് കാർഡുകൾ പ്രിൻറ് ചെയ്യുക അല്ലെങ്കിൽ താങ്കളുടെ ഡിവൈസിലേക്ക് ഡൗൺലോഡ് ചെയ്യുക.

doctorsoftheworld.org.uk/gp-access-cards/



5.

താങ്കളുടെ റെജിസ്ട്രേഷൻ അഭ്യർത്ഥന നിരസിക്കപ്പെട്ടോ? ഇംഗ്ലണ്ടിലുള്ള എല്ലാ രോഗികൾക്കും സഹായത്തിനായി ഡോക്ടേഴ്സ് ഓഫ് ദ വേൾഡിനെ അല്ലെങ്കിൽ എൻ.എച്ച്.എസ്. ഇംഗ്ലണ്ടിനെ ഏത് സമയത്തും വിളിക്കാം എന്നത് എപ്പോഴും ഓർക്കുക.

DOTW
0808 1647 686

NHS ENGLAND
0300 311 2233



6.

താങ്കൾ ഒരു ജി.പി. യുമൊത്ത് റെജിസ്റ്റർ ചെയ്യപ്പെടുകയും താങ്കളുടെ എൻ.എച്ച്.എസ്. നമ്പർ തപാലിൽ ലഭിക്കുകയും ചെയ്തു കഴിഞ്ഞാൽ താങ്കൾക്ക് താങ്കളുടെ അപ്പോയിൻമെൻറ് ബുക്ക് ചെയ്യാനാവും.

DOCTORS OF THE WORLD

In association with
BritishRedCross